**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5780** **08-07-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികളുടെ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് കാലത്ത് സൗജന്യ ഭക്ഷ്യകിറ്റുകളും ഓണകിറ്റുകളും വിതരണം ചെയ്തവകയിലുള്ള, റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുക ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശികയില്ലാതെ കമ്മീഷൻ തുക നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് 2020 മുതൽ 2021 വരെ റേഷൻ കടകൾ വഴി അതിജീവന കിറ്റുകൾ സർക്കാർ സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇപ്രകാരം കിറ്റ് വിതരണം നടത്തിയതിന് റേഷൻ വ്യാപാരികൾക്ക് 3 തവണകളായി കിറ്റ് കമ്മീഷൻ നൽകിയിരുന്നു. 2020 ഏപ്രിൽ, മേയ് മാസങ്ങളിലെ കിറ്റ് വിതരണത്തിന് ഒരു കിറ്റിനു 7/- രൂപ നിരക്കിലും, 2020 ആഗസ്റ്റ്, സെപ്റ്റംബർ, 2021 മേയ് എന്നീ മാസങ്ങളിൽ ഒരു കിറ്റിനു 5/- രൂപ നിരക്കിലുമാണ് കമ്മീഷൻ വിതരണം നടത്തിയത്.<br><br>എന്നാൽ ബാക്കിയുള്ള മാസത്തേക്കും കൂടി കിറ്റ് കമ്മീഷൻ നൽകണമെന്ന് റേഷൻ വ്യാപാരികൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോവിഡ് 19 കാരണം വളരെ പ്രതിസന്ധി നേരിട്ടിരുന്ന പൊതുജനങ്ങൾക്ക് ഒരു ആശ്വാസമായാണ് സർക്കാർ സൗജന്യ അതിജീവന കിറ്റുകൾ വിതരണം നടത്തിയതെന്നതിനാൽ ആയതിലേക്കായി പ്രത്യേകമായ തുക കമ്മീഷൻ നൽകേണ്ടതില്ലയെന്ന നിലപാട് സർക്കാർ സ്വീകരിക്കുകയുണ്ടായി. ഇതിനെതിരെ ഏതാനും റേഷൻ വ്യാപാരികൾ ഹൈക്കോടതിയെ സമീപിക്കുകയും ഹർജിക്കാർക്ക് കമ്മിഷൻ കടിശ്ശിക തുക അനുവദിക്കുവാൻ ബഹു: ഹൈക്കോടതി ഉത്തരവായിരുന്നത് പ്രകാരം ടി റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ തുക അനുവദിക്കുകയുമുണ്ടായി. പ്രസ്തുത വിധിന്യായ ത്തിന്റെ വെളിച്ചത്തിൽ, മറ്റുള്ള റേഷൻ വ്യാപാരികളും കമ്മീഷൻ തുക ലഭിക്കുന്നതിന് ബഹു. ഹൈക്കോടതിയെ സമീപിച്ച് അനുകൂല വിധി നേടുകയുണ്ടായി. ടി വിധിയുടെ അടിസ്ഥാനത്തിൽ ഏതാണ്ട് 40ഓളം ഹർജികളിലായി 9676 റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ തുക അനുവദിക്കേണ്ടതുണ്ട്. ബഹു.ഹൈക്കോടതി വിധി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ റേഷൻ വ്യാപാരിയും വിതരണം ചെയ്തിട്ടുള്ള കിറ്റുകളുടെ എണ്ണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുവാൻ പൊതുവിതരണ കമ്മീഷണർക്കും ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബഹു.ഹൈക്കോടതി അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിധിന്യായം നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ വിധിന്യായം നടപ്പിലാക്കുന്നതിന് ആറുമാസത്തെ സാവകാശം അനുവദിക്കുന്നതിന് ബഹു. ഹൈക്കോടതിയിൽ "Extension Petition" ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവിതരണ കമ്മീഷണറിൽ നിന്നും, ജില്ലാ സപ്ലൈ ഓഫീസർമാരിൽ നിന്നും റേഷൻ വ്യാപാരികളുടെ വിശദാംശം ലഭിക്കുന്ന മുറയ്ക്ക് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കിറ്റ് കമ്മീഷൻ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ